## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4259 — 27.06.2013 ൽ മറുപടിയ്ക്ക്

### എയ്ഡഡ് മേഖലയിലെ എൽ.പി., യു.പി. സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലകളിൽ ആകെ എത്ര എൽ.പി., യു.പി. സ്കൂളുകൾ ഉണ്ട്; | (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ 3910 എൽ.പി. സ്കൂളുകളും 1845 യു.പി. സ്ക്കൂളുകളും ഉണ്ട്. |
| (ബി) | പ്രസ്തുത സ്കൂൾ നടത്തിപ്പിലേക്ക് ഒരു കുട്ടിക്ക് സർക്കാരിൽ നിന്നും എത്ര രൂപ അനുവദിക്കുന്നു എന്നു വെളിപ്പെടുത്തുമോ; | (ബി) & (സി) | i) മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഓരോ കുട്ടിക്കും 3.25 രൂപ ക്രമത്തിൽ മാനേജർമാർക്ക് നൽകുന്നു.<br>ii) ഉച്ചഭക്ഷണ പദ്ധതിക്ക് തെരഞ്ഞെടുക്കപ്പെട്ട ഓരോ വിദ്യാർത്ഥിക്കും 5/- രൂപ ക്രമത്തിൽ സർക്കാർ നൽകി വരുന്നു.<br>iii) ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1000/- രൂപ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ലഭിക്കുന്നു.<br>iv) നിലവിലുള്ള പദ്ധതിയായ ലംപ്-സം-ഗ്രാന്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും 250/- രൂപ, 500/ രൂപ നിരക്കിൽ യഥാക്രമം 1 - ാം ക്ലാസ്സ് മുതൽ 4 - ാം ക്ലാസ്സ് വരെയും, 5 - ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുമുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകുന്നു. |

v) 4 - ൧൦ ക്ലാസ്സിൽ എല്ലാ വിഷയ ത്തിനും എ+ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്കായി നട- ത്തുന്ന എൽ. എസ്.എസ് പരീ ക്ഷയിൽ 70% ശതമാന ത്തിനു മേൽ മാർക്ക് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും 100/- രൂപ നിരക്കിൽ പ്രതിവർഷം എൽ. എസ്.എസ്. സ്കോളർഷിപ്പ് ഇനമായി നൽകുന്നു.

vi) മുസ്ലീം, നാടാർ പെൺകുട്ടി കൾക്കും, എല്ലാ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടി കൾക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുന്നാക്ക വിഭാഗ ത്തിലെ പെൺകുട്ടികൾക്കും പ്രതിവർഷം 125/- രൂപ ക്രമത്തിൽ സ്കോളർഷിപ്പ് നൽകുന്നു.

vii) 2013-14 വർഷം മുതൽ എയ്ഡഡ് മേഖലയിലെ 1 - ൧൦ ക്ലാസ് മുതൽ 8 - ൧൦ ക്ലാസ് വരെയുള്ള എല്ലാ പെൺകുട്ടി കൾക്കും ബി.പി.എൽ. വിഭാഗ ത്തിൽപ്പെട്ട എല്ലാ ആൺകുട്ടി കൾക്കും സൗജന്യ യൂണി ഫോം വിതരണം ചെയ്യുന്ന പദ്ധതിയുടെ ഭാഗമായി ഓരോ കുട്ടിക്കും പ്രതിവർഷം 400/- രൂപ നിരക്കിൽ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്.

viii) അപകടങ്ങൾക്കെതിരെ സ്കൂൾ കുട്ടികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരം, മരിക്കുന്ന കുട്ടിയുടെ കുടുംബത്തിന് 50,000/- രൂപയും (ആത്മഹത്യ ഒഴികെ) അപകട ത്തിന്റെ തീവ്രതയനുസരിച്ച് പരമാവധി 10000/- രൂപ വരെയും ചികിത്സാ ആനു കൂല്യമായി സർക്കാർ നൽകുന്നു.

ix) <u>സൗജന്യ പാഠപുസ്തക വിതരണം</u>;-

സർവ്വ ശിക്ഷാ അഭിയാൻ മുഖേന 1 - ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ മായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നു. ഒന്നാം ക്ലാസ്സ് മുതൽ 4 - ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി ഒന്നിന് 150/- രൂപ നിരക്കിലും, 5 - ാം ക്ലാസ്സ് മുതൽ 8 - ാം ക്ലാസ്സ് വരെ വിദ്യാർത്ഥി ഒന്നിന് 250/- രൂപ നിരക്കിലും സർക്കാർ സഹായം നൽകുന്നു. ഇതിലേക്കാവശ്യ മായ ഫണ്ടിന്റെ 65% കേന്ദ്ര ഗവൺമെന്റ് സഹായമായും 35% സംസ്ഥാന പദ്ധതി സഹാ യമായും നൽകുന്നു.

(സി) പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കേണ്ടത്;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് സർക്കാരിൽ നിന്നും നൽകി വരുന്ന ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരി ക്കുമോ?

(ഡി) മെയിന്റൻസ് ഗ്രാന്റ് വർദ്ധിപ്പിക്കു ന്നതിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളായ സ്കോളർഷിപ്പ്, അപകട മരണ ഇൻഷ്വറൻസ് എന്നിവ വർദ്ധിപ്പി ക്കുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ